**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2448** 9.03.2018-ൽ മറുപടിക്ക്

**ആവാസ് ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.എസ്.ശിവകുമാർ<br>,, അടൂർ പ്രകാശ്<br>,, ഹൈബി ഈഡൻ<br>,, അൻവർ സാദത്ത്: | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള അതിഥി തൊഴിലാളികൾക്ക് ഏർപ്പെടുത്തിയ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ ഇതിനകം എത്രപേർ രജിസ്റ്റർ ചെയ്തു; വിശദാംശം നൽകുമോ; | (എ) 2017 നവംബർ ഒന്നു മുതൽ 2018 മാർച്ച് 7 വരെ 1,65,381 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതു പ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/ തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് ഫോമുകൾ വിതരണം ചെയ്ത് അവരുടെ വ്യക്തിവിവരങ്ങൾ ശേഖരിച്ച് സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡുകൾ നൽകുന്നു. |
| (ബി) ആവാസ് പദ്ധതി പ്രകാരം ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് ചികിത്സാ പാക്കേജ് നിശ്ചയിച്ചിട്ടുണ്ടോ; ഇതിനായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം സംബന്ധിച്ച് അതിഥി തൊഴിലാളികൾക്കിടയിൽ വ്യാപകമായ പ്രചരണം നടത്തിയിട്ടും ഉദ്ദേശിച്ച രീതിയിൽ ഈ പദ്ധതിയിൽ തൊഴിലാളികൾ ചേരാത്തത് എന്തുകൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) രജിസ്ട്രേഷൻ നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പുരോഗമിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ